## അദ്ധ്യായം 6

# എന്റെ സഭ – ഈ പാറമേൽ

സഭ എന്ന വാക്ക് നാം തിരുവചനത്തിൽ ആദ്യമായി കാണുന്നത് മത്തായി 16:18 ലാണ്. അവിടെ ഇത് കർത്താവായ യേശുക്രിസ്തുവിന്റെ തന്നെ ചുണ്ടുകളിലാണ് ഇത് കാണപ്പെടുന്നത്. പത്രൊസ് താൻ നേരിട്ട ഒരു വെല്ലുവിളിക്ക് മറുപടിയായി തന്റെ വിശ്വാസത്തിന്റ അത്യുദാത്തവും സ്മരണാർഹവുമായ സമ്മതം ഏറ്റുപറഞ്ഞു, "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു". ദൈവത്തിൽ നിന്ന് ഒരു വെളിപ്പാട് ലഭിച്ചവനായതുകൊണ്ട് കർത്താവ് അവനെ അനുഗ്രഹിക്കപ്പെട്ടവനായി പ്രഖ്യാപിച്ചു. സാരാംശത്തിൽ എത്ര തന്നെ ശരിയായിരുന്നാലും അല്ലെങ്കിൽ അവതരണം എത്ര തന്നെ ചാതുര്യം ഉള്ളതായിരുന്നാലും കേവലം മാനുഷികമായ ഒരു അദ്ധ്യാപനത്തിനും ആത്മിക അന്ധത ബാധിച്ച കണ്ണുകളെ തുറക്കുവാനോ ക്രിസ്തുവിന്റെ യഥാർത്ഥ മഹത്വങ്ങളെ കാണുവാനുള്ള പ്രാപ്തി നൽകുവാനോ കഴിയുകയില്ല. "എന്നെ അയച്ച പിതാവ് ആകർഷിച്ചിട്ടല്ലാതെ ആർക്കും എന്റെ അടുക്കൽ വരുവാൻ കഴികയില്ല" എന്ന് കർത്താവ് മറ്റൊരവസരത്തിൽ പറഞ്ഞു. പത്രൊസ് "ദൈവത്താൽ ഉപദേശിക്കപ്പെട്ടവൻ" ആയിരുന്നു എന്നും, പിതാവിനോട് കേട്ട് പഠിച്ചാണ് താൻ ക്രിസ്തുവിന്റെ അടുക്കൽ വന്നത് എന്നും വ്യക്തമാണ് (യോഹ. 6:45). മനുഷ്യ മനസ്സുകളിൽ ക്രിസ്തുവിന്റെ വ്യക്തിത്വത്തെക്കുറിച്ച് നൽകപ്പെടുന്ന ദൈവിക വെളിപ്പാടിനെ കർത്താവ് വിശദമായി പ്രതിപാദിക്കുന്ന യോഹന്നാൻ 6–ലെ പ്രഭാഷണത്തിൽ ഈ ദൈവിക ഇടപെടലിന് പാത്രീഭവിക്കുന്നവരെ വ്യക്തികളായും ("ഏവന്നും", "അവനെ" 6:40) സമൂഹമായും ("തന്നിരിക്കുന്നവയിൽ" "എല്ലാം" യോഹ 6:39) പരിഗണിച്ചിരിക്കുന്നുവെന്ന് നമുക്ക് കാണുവാൻ കഴിയും. വ്യക്തിപരമായ വെളിപ്പാടിന്റെ ഫലമായി (ഗലാ. 1:15, 16) പിതാവ് മനുഷ്യരെ ഓരോരുത്തരായി ക്രിസ്തുവിങ്കലേക്ക് കൊണ്ടുവരുമ്പോഴും ഈ യുഗത്തിന്റെ തുടക്കം മുതൽ ഒടുക്കം വരെയുള്ള മുഴുവൻ വേല ഏകീകരിക്കപ്പെട്ട ഒരു സംഘത്തെ ഉൽപാദിപ്പിക്കുന്നതായിട്ടാണ് പിതാവും പുത്രനും മനസ്സിൽ കാണുന്നത്. ഈ സംഘത്തെ പിതാവ് പുത്രന് നൽകുകയാണ്. ഈ സംഘത്തിൽ ഉൾപ്പെട്ടിരിക്കുന്ന ഓരോ വ്യക്തിയും വർത്തമാന അനുഗ്രഹങ്ങളിലേക്ക് ക്രിസ്തുവിനാൽ സ്വീകരിക്കപ്പെടുന്നു (6:37). മുഴുവൻ സംഘം അവന്റെ കരുതലിലാണ്. അവയിൽ ഒന്നും കളയാതെ എല്ലാം ഒടുക്കത്തെ നാളിൽ നിത്യജീവനിൽ ഉയിർത്തെഴുന്നേൽപ്പിക്കേണ്ടതിന് അവൻ ഉത്തരവാദിയായിത്തീർന്നു (6:39). പിതാവിന്റെ ഈ ഇഷ്ടം സാധിപ്പിക്കേണ്ടതിന് പുത്രൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്നു (6:38). അത്യന്തികമായി തന്റെ ജീവനെ യാഗമായി നൽകി (6:51–58). തന്നിലൂടെയുള്ള രക്ഷയുടെ പരിജ്ഞാനത്തിലേക്ക് ദൈവിക വെളിപ്പാടു മൂലം കൊണ്ടുവരപ്പെട്ടവർക്ക് സ്വയം നിത്യാനുഗ്രഹങ്ങൾ ഉറപ്പാക്കുക വഴി പുത്രൻ മുഖാന്തിരം പിതാവിന്റെ ഇഷ്ടം നടപ്പാകേണ്ടതിന്, പിതാവ് പുത്രന് നൽകുന്നതിനെ പുത്രൻ പിതാവിൽ നിന്നുള്ള നിക്ഷേപമായി സ്വീകരിക്കുന്നു. ഇപ്രകാരം ക്രിസ്തുവിലുള്ള ഏറ്റവും എളിയവനായ വിശ്വാസിക്കും നിത്യരക്ഷ ഉറപ്പാക്കിയിരിക്കുന്നു. ക്രിസ്തു സ്വയം ഇതിന് ഉത്തരവാദിയാണ്.

ഇതേ സത്യങ്ങൾ തന്നെയാണ് മത്തായി 16–ലും നമുക്ക് മുമ്പാകെ കൊണ്ടുവന്നിരിക്കുന്നത്. പുത്രനെക്കുറിച്ചുള്ള പിതാവിന്റെ വെളിപ്പാട് ലഭിച്ച വ്യക്തിയിൽ നിന്നും കർത്താവിന്റെ ശ്രദ്ധ അപ്രകാരം വെളിപ്പാട് ലഭിച്ചവരുടെ മൊത്തം കൂട്ടത്തിലേക്ക് തിരിയുന്നു. താൻ ഇതിനെ ഇവിടെ "എന്റെ സഭ" എന്ന് വിളിക്കുന്നു. പിതാവ് തനിക്ക് നൽകിയത് ആയതിനാലും, താൻ അത് സ്വീകരിക്കയാൽ താൻ സ്വയം ഉറപ്പായിരിക്കുന്ന,

മാറ്റാനൊക്കാത്ത നിത്യ അനുഗ്രഹത്തിന്റെ മണ്ഡലത്തിലേക്ക് ഓരോ വ്യക്തിയേയും കൊണ്ടുവരികയാലും, തന്റെ വീണ്ടെടുപ്പിൻ വേല ഇതിനുള്ള ഏക മുഖാന്തിരം ആയിരിക്കയാലും, ഇത് **എന്റെ സഭ**യായിരിക്കുന്നു. രക്ഷിക്കപ്പെട്ട ഓരോ ആത്മാവിനേയും താൻ ഇളക്കം വരാത്ത ഈ അടിസ്ഥാനത്തിന്മേൽ വയ്ക്കുന്നു. ഇപ്രകാരം കൂട്ടം ക്രമേണ വലുതായി പൂർണ്ണ അളവ് പ്രാപിക്കുവോളം അവൻ തന്റെ സഭയെ പണിയുന്നു. അതുകൊണ്ടാണ് നാം അവന്റെ സഭയെക്കുറിച്ച് "പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല" എന്നു വായിക്കുന്നത്. കാരണം സാത്താന്റെ സകല കപടത്തിനും ശക്തിക്കും സകല ദുഷ്ടാത്മസേനയ്ക്കും ക്രിസ്തുവിന്റെ സഭയുടെ ഒരു കല്ലുപോലും ഇളക്കി മാറ്റുവാൻ കഴിയുകയില്ല. എന്തുകൊണ്ടെന്നാൽ അവൻ അവയിൽ ഒന്നും കളയരുതെന്നുള്ളതും, പകരം ഒടുക്കത്തെ നാളിൽ മുഴുവൻ കൂട്ടത്തെയും നിത്യ അനുഗ്രഹത്തിലേക്കും മഹത്വത്തിലേക്കും അക്ഷയമായി ഉയിർത്തെഴുന്നേൽപ്പിക്കേണം എന്നുള്ളതും പിതാവിന്റെ ഇഷ്ടമാണ്.

സഭ എന്ന വാക്കിന് മൂലഭാഷയായ ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന വാക്കാണ് "എക്ലീസിയ". വിളിച്ച് വേർതിരിക്കപ്പെട്ട കൂട്ടം. ലോകത്തിൽ നിന്നും ദൈവത്താൽ തിരഞ്ഞെടുത്ത് വിളിക്കപ്പെട്ട ഒരു കൂട്ടം ആകയാൽ നാം ഇതുവരെ ചിന്തിച്ചുകൊണ്ടിരുന്ന കൂട്ടം ഒരു സഭയാണ്. എല്ലാവരും രക്ഷിക്കപ്പെട്ടവരല്ല എന്നത് എത്രയോ ദുഃഖകരമായ കാര്യമാണ്. ദൈവപുത്രൻ വെളിപ്പെടുത്തിയ മഹനീയ സത്യങ്ങൾ വിശ്വസിക്കാതെ പിറുപിറുത്തവരെക്കുറിച്ച് നാം യോഹന്നാൻ 6–ൽ വായിക്കുന്നു. സുവിശേഷത്താലുള്ള ദൈവ വിളിയാൽ സകല രാജ്യങ്ങളിൽ നിന്നുമുള്ള വിലപ്പെട്ട ആത്മാക്കൾ ആകർഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു (യോഹ. 17:6, അ. പ്ര.13:14, വെളി. 5:9). അവർ വിശ്വസിച്ചുകൊണ്ട് ക്രിസ്തുവിങ്കലേക്ക് വരുമ്പോൾ താൻ അവരെ ദൈവിക ആനുകൂല്യങ്ങളുടേയും അനുഗ്രഹങ്ങളുടേയും സ്ഥാനത്താക്കുന്നു. അവിടെ നിന്നും വ്യക്തികളായും, സംഘമായും അവർ ഒരു നാളും നീക്കപ്പെടുകയില്ല. പൈശാചിക ശക്തികളുടെ സകലവിധ വിരോധത്തേയും അതിജീവിച്ച് ഊനം വരാതെവണ്ണം ഇളക്കുവാൻ കഴിയാത്ത പാറമേൽ താൻ പണിയുന്ന സഭ ഇതാണ്.

എന്നാൽ സഭ അടിസ്ഥാനപ്പെട്ടിരിക്കുന്ന പാറയെ സംബന്ധിച്ച് ചോദ്യം ഉയരുന്നു. മേൽ വിവരിച്ചിരിക്കുന്ന വസ്തുതകളിൽ നിന്നും ഉത്തരം വ്യക്തമാണെന്ന് ഞങ്ങൾ കരുതുന്നു. എങ്കിലും അതിശയകരമെന്ന് തോന്നത്തക്കവണ്ണം പത്രൊസാണ് ഈ പാറയെന്ന് ചിലർ പറയുന്നു. പ്രഥമ ദൃഷ്ടിയിൽ ഈ വ്യാഖ്യാനത്തിന് സാധ്യതയുള്ള സംഗതിയായി തോന്നാമെങ്കിലും ഇത്തരം സംഗതികൾ തെറ്റിദ്ധരിപ്പിക്കുന്നതാവാം. ഈ വിഷയം നാം പരിശോധിക്കുമ്പോൾ ഘനഗംഭീരങ്ങളായ അനേക തർക്ക കാരണങ്ങൾ ഈ വ്യാഖ്യാനത്തെ ഖണ്ഡിച്ച് സാധുത ഇല്ലാതാക്കുന്നതായി കാണുവാൻ കഴിയും.

അക്ഷരാർത്ഥത്തിൽ **നീ പത്രോസ് ആകുന്നു. ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും** എന്നാണ് കർത്താവ് പറഞ്ഞത്. ഗ്രീക്കിൽ പത്രോസ് ***പെട്രോസ്*** ഉം, പാറ ***പെട്രാ*** യുമാണ് എന്ന വസ്തുതയിലാണ് കർത്താവ് പറഞ്ഞ വാക്കുകളുടെ അർത്ഥം കിടക്കുന്നത്. വ്യക്തമായും പരസ്പര ബന്ധമുള്ളൊരു ചിന്തയാണ് ഇവിടുള്ളത്. പാറക്കഷണം അല്ലെങ്കിൽ കല്ല് എന്നർത്ഥമുള്ള *പെട്രോസ്* എന്ന വാക്ക് *പെട്രാ* എന്ന വാക്കിന്റെ ചെറുരൂപമാണ് എന്നാണ് ഒരു കോശകാരൻ ഖണ്ഡിതമായി പറയുന്നത്. പത്രോസിന്റെ വിശ്വാസം അടിസ്ഥാനപ്പെട്ടിരിക്കുന്ന പാറയായ ക്രിസ്തു, തന്നിൽ അടിസ്ഥാനമിട്ടു പണിയപ്പെടുവാൻ പോകുന്ന തന്റെ സഭയിൽ ഒരു കല്ലായി കൂട്ടിച്ചേർക്കപ്പെടുവാൻ പോകുന്ന പത്രോസിന്റെ വിശ്വാസത്തിന്റെ ഏറ്റുപറച്ചിൽ കർത്താവ്

അംഗീകരിക്കുന്നു എന്ന സൂചനയാണിത് നൽകുന്നത്. എന്നാൽ അധികം പേരും *പെട്രോസ്* എന്ന വാക്ക് ഗ്രീക്കിൽ സ്ത്രീലിംഗ നാമമായ *പെട്രാ*യുടെ പുല്ലിംഗ രൂപമാണെന്നാണ് കരുതുന്നത്. കാരണം ഒരു വാക്ക് പുരുഷന്റെ പേരായി ഉപയോഗിക്കുന്നതിന് മുമ്പ് അതിന് പുല്ലിംഗ രൂപം നൽകേണ്ടത് അനിവാര്യമാണ്. എന്തായാലും നീ പത്രോസ് ആകുന്നു. നിന്റെ മേൽ ഞാൻ എന്റെ സഭയെ പണിയും എന്നല്ല കർത്താവ് പറഞ്ഞത് എന്ന് ശ്രദ്ധിക്കുവാൻ നാം ബാധ്യസ്ഥരാണ്. കൂടാതെ താഴെപ്പറയുന്ന കാര്യങ്ങൾ ചിന്തിക്കുമ്പോൾ കർത്താവ് അതല്ല ഉദ്ദേശിച്ചത് എന്നും വളരെ വ്യക്തമായി മനസ്സിലാക്കുവാൻ കഴിയും.

**1)** പത്രോസ് ഒരു പാറയല്ല. അടുത്ത ഖണ്ഡികയിൽ തന്നെ ഈ ദുഃഖസത്യം വെളിപ്പെട്ടിരിക്കുന്നത് നമുക്ക് കാണുവാൻ കഴിയും. ദൈവിക വെളിപ്പാടുകളുടെ ഔന്നത്യ ങ്ങളിൽ നിന്ന് പത്രോസ് സാത്താന്യ വഞ്ചനയുടെ ആഴങ്ങളിലേക്ക് താഴ്ന്നുപോകുന്നു. പേര് സാത്താൻ എന്ന് വരത്തക്കവണ്ണം പാതാള ഗോപുരങ്ങൾ പരിപൂർണ്ണമായും തന്നെ കീഴ്പ്പെടുത്തി. പാറയാകുന്ന അടിസ്ഥാനത്തെ അവർ ഇപ്രകാരം പരാജയപ്പെടുത്തിയെങ്കിൽ അതിന്മേൽ പണിയപ്പെട്ട സഭയ്ക്ക് എന്താശയ്ക്കാണ് വകയുള്ളത്? പാവം പത്രോസിന്റെയോ അല്ലെങ്കിൽ അതുപോലുള്ള മറ്റേതെങ്കിലും നശ്വരനായ മനുഷ്യന്റെയോ മേൽ നിത്യരക്ഷയുടെ സുരക്ഷയ്ക്കായ് ആശ്രയിക്കുന്ന ഏവരുടെയും സ്ഥിതി ഇത്ര ഗതി കെട്ടതാണ്. സഭയുടെ അജയ്യത പരിപൂർണ്ണമായും പാറയായ അടിസ്ഥാനത്തിന്മേലാണ് ആശ്രയിച്ചിരിക്കുന്നത്. പത്രോസിന്റെ പരാജയത്തെക്കുറിച്ചുള്ള ഈ വിവരണം തന്നെക്കുറിച്ചുള്ള കർത്താവിന്റെ പ്രഖ്യാപനത്തിന് തൊട്ടുതാഴെത്തന്നെ കാണപ്പെടുന്നു എന്നത് വളരെ ശ്രദ്ധേയമല്ലേ? കർത്താവിന്റെ വാക്കുകൾ ഇത്ര വലിയ രീതിയിൽ തെറ്റിദ്ധരി ക്കാതിരിക്കുവാൻ വേണ്ടി ദൈവികമായി നൽകപ്പെട്ട സാക്ഷ്യമായല്ലേ ഇത് നമുക്കു മുമ്പാകെ വരുന്നത്? പത്രോസിൻ മേൽ പണിയപ്പെട്ടിരിക്കുന്ന ഏതൊരു സഭയുടെയും അന്ത്യവിധി നിത്യ വിനാശമാണ്. ആക്ഷരികമായും, വ്യക്തിപരമായും പത്രോസ് ആണ് പാറയെങ്കിൽ ആക്ഷരികമായും വ്യക്തിപരമായും താൻ സാത്താനുമാണ്. അങ്ങനെയെങ്കിൽ സഭ പണിയപ്പെട്ടിരിക്കുന്ന പാറ സാത്താനാണെന്നു പറയേണ്ടിവരും!

2) ദൈവം മാത്രമാണ് പാറ. പാറ ദൈവത്തിന്റെ പേരുകളിൽ ഒന്നാണ്. ഈ വർണ്ണന കൂടെക്കൂടെ പഴയനിയമത്തിൽ കാണപ്പെടുന്നു. ഏകദേശം 30 പ്രാവശ്യം ദൈവം ഒരു പാറയാണെന്നും ദൈവം മാത്രമാണ് പാറയെന്നും ഉദ്ഘോഷിച്ചിരിക്കുന്നു. യഹോവയല്ലാതെ ദൈവം ആരുള്ളൂ? നമ്മുടെ ദൈവം ഒഴികെ പാറയാരുള്ളൂ ? ദാവീദ് ചോദിക്കുന്നു. (2 ശമു. 22:32) ഇതിന് തൊട്ടുമുകളിലെ വാക്യത്തിൽ താൻ ദൈവത്തെക്കുറിച്ച് അവന്റെ വഴി തികവുള്ളതെന്നും, അവന്റെ വചനം ഊതിക്കഴിച്ചത് എന്നും കൂടാതെ അവൻ തന്നെ ശരണമാക്കുന്ന ഏവർക്കും പരിചയാണെന്നും പറഞ്ഞിരിക്കുന്നു. പാറ എന്ന വർണ്ണന കൊണ്ട് ഇതാണ് അർത്ഥമാക്കുന്നത്. അതായത് അപ്രമാദിത്വമുള്ള വാക്കുകളും വഴികളും ഉള്ള ഒരുവൻ. അപ്രകാരമുള്ള ഒരുവന് മാത്രമെ "തന്നെ ശരണമാക്കുന്ന ഏവർക്കും" സുരക്ഷിതത്വം നൽകുവാൻ കഴിയുകയുള്ളൂ. ആവർത്തനം 32–ൽ മോശയും ഇതേ സത്യം വിളിച്ചു പറയുന്നു. പാറ പ്രവർത്തിയിലും വാക്കിലും പൂർണ്ണതയുള്ളവനാക്കുന്നു (32:4). അവൻ തന്നെ രക്ഷയുടെ ഉപാധിയും ആധാരവുമാകുന്നു (32:15). അവൻ ജീവന്റെ ഉറവിടവും (32:18, 1 പത്രൊ. 2:2–5 മായി ഒ. നോ.). ശത്രുവിന്റെ ശക്തിയിൽ നിന്നുള്ള വിടുതലും ആകുന്നു (32:30,31). അതുകൊണ്ട് സഭ തന്റെ അജയ്യതയ്ക്ക് ആശ്രയിക്കുന്ന പാറ അനിവാര്യമായും ദൈവികമായിരിക്കണം. "അവൻ തന്നേ എന്റെ പാറയും എന്റെ രക്ഷയും ആകുന്നു; എന്റെ ഗോപുരം (പ്രതിരോധം)

അവൻ തന്നേ; ഞാൻ കുലുങ്ങുകയില്ല" എന്ന് അവർക്കും (സഭ) സങ്കീർത്തനക്കാരനെപ്പോലെ സ്വർഗ്ഗത്തിലേക്ക് ദൃഷ്ടികൾ ഉയർത്തി പറയുവാൻ സാധിക്കും (സങ്കീ. 62:6). രക്ഷയ്ക്കും സുരക്ഷിതത്വത്തിനുമായി ആദമിന്റെ വീണുപോയ വംശത്തിലെ ഒരുത്തനിലും, വ്യക്തിത്വത്തിലാകട്ടെ പദവിയിലാകട്ടെ, ഭദ്രമായി ആശ്രയിക്കുവാൻ കഴിയുകയില്ല (സങ്കീ. 146:3–6 നോക്കുക).

3) സഭ പണിയപ്പെട്ടിരിക്കുന്ന അടിസ്ഥാനം ക്രിസ്തു ആണെന്ന് തിരുവചനം പഠിപ്പിക്കുന്നു. "യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്ന് ഇടുവാൻ ആർക്കും കഴിയുകയില്ല" എന്ന് വചനം സമർത്ഥിക്കുന്നു (1 കൊരി. 3:11). എഫെ. 2:20ന്റെയും അർത്ഥം ഇതു തന്നെയാണ്. "അപ്പോസ്തലന്മാരുടെയും പ്രവാചകന്മാരുടെയും" അടിസ്ഥാനം അവരുടെ പഠിപ്പീരുകളിൽ വർണ്ണിച്ചിരിക്കുന്നതാണ്, അർത്ഥാൽ യേശുക്രിസ്തു തന്നേ. അടിസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണ് മൂലക്കല്ല്. അതിൽ നിന്നാണ് മുഴുവൻ കെട്ടിടവും പണിയപ്പെടുന്നത്. അത് കെട്ടിടത്തെ മുഴുവനും ഒന്നായി നിലനിർത്തുകയും ബന്ധിപ്പിക്കുകയും ചെയ്യുന്നു.

4) ക്രിസ്തു പാറയാണെന്ന് മറ്റു തിരുവചന ഭാഗങ്ങളിൽ പറഞ്ഞിരിക്കുന്നു. (1 കൊരി. 10:4, 1 പത്രൊ. 2:8) പത്രൊസ് മാത്രമല്ല മറ്റൊരു മനുഷ്യനും ഒരിക്കലും ഈ അർത്ഥത്തിൽ പാറയെന്ന് വിളിക്കപ്പെട്ടിട്ടില്ല (മത്തായി 7:24,25 ഒ. നോ.).

5) പത്രോസ് സഭയുടെ മുഖ്യ അപ്പോസ്തലൻ പോലുമല്ല, ആ പദവി പൗലോസിനാണ് നൽകപ്പെട്ടിരിക്കുന്നത്. സഭയുടെ മർമ്മം മനുഷ്യർക്ക് വെളിപ്പെടുത്തേണ്ടതിനായി, പൗലോസിന് മാത്രമായല്ലെങ്കിലും, പ്രധാനമായും പൗലോസിനാണ് നൽകപ്പെട്ടത് (എഫെ. 3:1–12). അപ്പോസ്തല പ്രവർത്തികളിൽ രേഖപ്പെടുത്തിയിരിക്കുന്ന പത്രോസിന്റെ പ്രസംഗങ്ങളിലാകട്ടെ, താൻ എഴുതിയ രണ്ടു ലേഖനങ്ങളിലാകട്ടെ ഒരിടത്തും സഭ എന്ന വാക്ക് കാണുവാൻ കഴിയുകയില്ല എന്നത് വളരെ ശ്രദ്ധേയമാണ്.

6) ഗലാത്യർ 2:9–ൽ പത്രോസിനെ യാക്കോബിനോടും, യോഹന്നാനോടും കൂടെയാണ് പറഞ്ഞിരിക്കുന്നത്. മൂവരും യരുശലേമിനെ സ്ഥലം സഭയുടെ തൂണുകൾ ആയിട്ടാണ് പറഞ്ഞിരിക്കുന്നത്. പത്രോസ് ഈ യുഗത്തിലെ സഭയുടെ പോയിട്ട് ഒരു സ്ഥലം സഭയുടെ പോലും അടിസ്ഥാനമല്ല. താൻ ഒരു തൂൺ ആണ്. അപ്രകാരമുള്ള അനേകരിൽ ഒരുവൻ മാത്രം. അതിലും ആദ്യം പറഞ്ഞിരിക്കുന്നത് പത്രോസിന്റെ പേരല്ല. ആ സ്ഥാനം യാക്കോബിനാണ് നൽകിയിരിക്കുന്നത്.

7) ദൈവ ഭവനത്തിന്റെ അടിസ്ഥാനം ക്രിസ്തു തന്നെയാണെന്ന് പത്രോസ് സ്വയം വളരെ അസന്ദിഗ്ദ്ധമായി തറപ്പിച്ചു പറയുന്നു. ക്രിസ്തുവിന്മേൽ പണിയുന്നവർ ആരും ലജ്ജിച്ചുപോകയില്ല. തന്നെ തള്ളിക്കളഞ്ഞ് മറ്റ് അടിസ്ഥാനങ്ങൾ അന്വേഷിക്കുന്ന ഏവരും എന്നെന്നേക്കുമായി നശിച്ചുപോകും (1 പത്രോ. 2:3–8).

ഇക്കാര്യങ്ങൾ മനസ്സിൽ വച്ച് ചിന്തിക്കുമ്പോൾ സഭ പണിയപ്പെടുന്നു എന്നു പറഞ്ഞിരിക്കുന്ന പാറയുടെ സാധ്യമായ ഏക വ്യാഖ്യാനം അത് "ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുതന്നേ" എന്നതാണ്. "ജീവനുള്ള കല്ലും" (1 പത്രൊ. 2:4), "നിന്നെ ജനിപ്പിച്ച പാറയും" (ആവർ. 32:18) തമ്മിൽ താരതമ്യം ചെയ്യുക. സഭ കൂട്ടിയോജിപ്പിക്കപ്പെട്ടിരിക്കുന്നത് സിമന്റ് കൊണ്ടല്ല, പകരം പുതുജനനത്തിൽ ക്രിസ്തുവിൽ നിന്ന് ലഭിച്ച പൊതുവായ ദൈവിക ജീവനാലാണ്. ദൈവത്വം ജീവന്റെ നിറവിലും, സജീവമായ ശക്തിയിലും "ജീവനുള്ള ദൈവത്തിന്റെ പുത്രനായ

ക്രിസ്തുവിൽ'' ഉണ്ട്. അവൻ തന്റെ സഭയെ പണിയും. ''അവന്റെ പ്രവർത്തികൾ തികവുള്ളത്'' ആകയാൽ അതിനെന്തെങ്കിലും ഊനം വരുത്തുവാനോ, നശിപ്പിക്കുവാനോ കഴിയുകയില്ല. ഒരു വ്യാജ കല്ലും അതിൽ ചേർക്കുവാൻ കഴിയുകയില്ല. ഒരു യഥാർത്ഥ കല്ലും അതിൽ നിന്നും നഷ്ടപ്പെടുകയുമില്ല. പാറമേൽ സഭ പണിയപ്പെട്ടിരിക്കയാൽ കെട്ടിടത്തിലെ ഓരോ കല്ലും അതിന്റെ സുരക്ഷ പങ്കുവയ്ക്കുന്നു. സഭ അടിസ്ഥാനം പോലെ പാറസമാനമാണ്; അതിന്റെ മാന്യത മുഴുവൻ കെട്ടിടത്തിനും കണക്കിടപ്പെടുന്നു; എല്ലാ കല്ലും അത് പങ്കുവെയ്ക്കുന്നു. (വിശ്വസിക്കുന്ന നിങ്ങൾ ആ മാന്യത ഉണ്ട്'' 1 പത്രൊ. 2:7). ക്രിസ്തുവിലുള്ള വിശ്വാസം കാരണവും, അവനോടു കൂടെയുള്ള സഹവാസത്താലും കെട്ടിടത്തിലെ മറ്റെല്ലാ കല്ലുകളും ആയിരിക്കുന്നതുപോലെ ഈ അർത്ഥത്തിൽ മാത്രം പത്രോസ് പാറയാണ്. പിശാചിന് അടിമപ്പെട്ട് അവന്റെ വേല ചെയ്കയാൽ അവനോടുള്ള സഹവാസത്തിലായി ആക്ഷരികമായല്ല പകരം സ്വഭാവത്തിൽ താൻ വളരെ പെട്ടെന്ന് ''സാത്താൻ'' ആയിത്തീർന്നതുപോലെ താൻ വിശ്വസിച്ച ദൈവിക പാറയായ യേശു ക്രിസ്തുവിനോടു കൂടെയുള്ള സഹവാസത്താൽ ആക്ഷരിമായല്ല സ്വഭാവത്തിൽ താനും പാറയാണ്. ''അവനിൽ വിശ്വസിക്കുന്നവൻ ലജ്ജിച്ചുപോകയില്ല'' എന്ന് പത്രോസ് പറയുംപോലെ തന്നെ കെട്ടിടത്തിലുള്ള എല്ലാ കല്ലുകളും ഇപ്രകാരം തന്നെയാണ്. ഈ ഖണ്ഡിക ദൈവിക ജ്ഞാനത്തിൽ പത്രോസാണ് പാറയെന്ന് വിചാരിക്കുന്നതിൽ നിന്നും നമ്മെ സൂക്ഷിക്കുന്നെങ്കിൽ അപ്രകാരം തന്നെ ഇത് ഈ പ്രധാനപ്പെട്ട വാക്കുകൾ ശരിയായ നിലയിൽ മനസ്സിലാക്കുന്നതിനുള്ള താക്കോലും ആണ്.

-----------------------------